നടത്തുന്ന പരീക്ഷയിൽ ചുരുക്കപ്പട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ഒറ്റത്തവണ വെരിഫിക്കേഷനാണ് നടത്തുന്നത്.

(സി) ഓൺലൈൻ പരീക്ഷാ രീതി നടപ്പിലാക്കുന്നതുവഴി റാങ്ക് പട്ടിക/ചുരുക്കപ്പട്ടിക എന്നിവ തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കും. യോഗ്യതകൾ ഒരു തവണ വെരിഫൈ ചെയ്താൽ അതേ യോഗ്യതക്കനുസരിച്ച് സമർപ്പിക്കുന്ന അപേക്ഷകൾക്ക് ഉദ്യോഗാർത്ഥികൾ വെരിഫിക്കേഷന് ഹാജരാകേണ്ടതില്ല.

(ഡി) ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിലേക്കായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നീ ജില്ലകളിൽ പി.എസ്.സി.-ക്ക് സ്വന്തമായി ഓൺ ലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിച്ചു.

കേന്ദ്ര ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുന്നതിന് പ്രത്യേക സംവിധാനം

14 (*314) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ടുകൾ യഥാസമയം ചെലവഴിക്കാൻ കഴിയാതെ നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ ;

(സി) കേന്ദ്ര ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുന്നതിനും കേന്ദ്ര ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ അവലോകനത്തിനുമായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രം നൽകുന്ന തുക അതാത് വർഷം വിനിയോഗിക്കുകയാണ് ചെയ്യുന്നത്. കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന തുക അതാത് വർഷം ചെലവഴിക്കാൻ സാധിക്കുന്നില്ലെങ്കിൽ കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി അടുത്ത വർഷം ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ട്. ആയതിനാൽ തുക ലാപ്സായതായി കണക്കാക്കുവാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര ഫണ്ടുകളുടെ വിനിയോഗം വിലയിരുത്തുന്നതിനും കേന്ദ്ര ഫണ്ടുപയോഗിച്ച് നടത്തുന്ന പ്രവൃത്തികളുടെ അവലോകനത്തിനുമായി ഒരു പ്രത്യേക വകുപ്പ് ആവശ്യമില്ല. കാര്യക്ഷമതയോടെ ഫണ്ട് വിനിയോഗിക്കുവാൻ ഭാവിയിലും വ്യക്തമായ നടപടി സ്വീകരിക്കും.

കെ.എസ്.ആർ.ടി.സി.-ചുരുക്കപ്പേര് നിലനിർത്തൽ

15 (*315) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-ക്ക് അതിന്റെ വാണിജ്യ നാമം നിലനിർത്താൻ സാദ്ധ്യമാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ബി) കെ.എസ്.ആർ.ടി.സി. കേന്ദ്ര വ്യവസായ വകുപ്പിന് കീഴിലുള്ള ട്രേഡ് മാർക്ക് രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(സി) ഇതേ പേരിൽ കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ട്രേഡ് മാർക്ക് രജിസ്ട്രിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതായി അറിയാമോ ;

(ഡി) ഈ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി. അതിന്റെ ചുരുക്കപ്പേര് നില നിർത്തിക്കിട്ടാൻ എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു ;വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) 1965 മുതൽ കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KSRTC) എന്ന് പേര് ഉപയോഗിച്ചുവരുന്നു. 1974 മുതൽ KSRTC എന്ന ചുരുക്കപ്പേര് കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും ഉപയോഗിച്ചു വരികയായിരുന്നു. എന്നാൽ കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ട്രേഡ്മാർക്ക് രജിസ്ട്രിയിൽ KSRTC എന്ന ട്രേഡ് മാർക്കിന് അപേക്ഷ നല്കുകയും ആയത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly